**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4843** **11-08-2021 - ൽ മറുപടിയ്ക്ക്**

**അന്ധവിശ്വാസത്തിന്റെ മറവിൽ ചികിത്സ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് അന്ധവിശ്വാസത്തിന്റെ മറവിൽ ചികിത്സ നടത്തുന്ന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സമൂഹത്തിലെ ഇത്തരം ദുഷ്പ്രവൃത്തികളെ ഇല്ലായ്മ ചെയ്യുന്നതിനും ശാസ്ത്രബോധം വളർത്തി ജനങ്ങൾക്കിടയിൽ ശാസ്ത്രചിന്ത പരിപോഷിപ്പിക്കുന്നതിനും മാനവിക സംസ്കാരിക മൂല്യങ്ങൾ ഉയർത്തുന്നതിനുമുള്ള ബാധ്യത സർക്കാരിനുണ്ട്. ഈ ലക്ഷ്യം മുൻനിർത്തി അന്ധവിശ്വാസങ്ങളുടെ പേരിലുള്ള ചൂഷണങ്ങളും അതിക്രമങ്ങളും നിയന്ത്രിക്കുന്നതിന് 'The Kerala Prevention of Inhuman Evil Practice, Sorcery and Black Magic' ബില്ലിന്റെ കരട് സർക്കാർ തയ്യാറാക്കുകയുണ്ടായി. ഇതിൽ നിയമ പരിഷ്കരണ കമ്മീഷന്റെ അഭിപ്രായം പരിശോധിക്കുന്നതടക്കമുള്ള തുടർനടപടികൾ സ്വീകരിച്ചു വരുന്നു. സംസ്ഥാനത്ത് നിലവിൽ ഇത്തരം കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നതായി പോലീസ് റിപ്പോർട്ട് ചെയ്തിട്ടില്ല. |
| (ബി) | ഇത്തരം കേന്ദ്രങ്ങളിൽ നടക്കുന്ന ചൂഷണങ്ങൾ തടയുന്നതിന് നിലവിൽ എന്തെല്ലാം നിയമങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ? | (ബി) | സമൂഹത്തിലെ ഇത്തരം ദുഷ്പ്രവൃത്തികളെ ഇല്ലായ്മ ചെയ്യുന്നതിനും ശാസ്ത്രബോധം വളർത്തി ജനങ്ങൾക്കിടയിൽ ശാസ്ത്രചിന്ത പരിപോഷിപ്പിക്കുന്നതിനും മാനവിക സംസ്കാരിക മൂല്യങ്ങൾ ഉയർത്തുന്നതിനുമുള്ള ബാധ്യത സർക്കാരിനുണ്ട്. ഈ ലക്ഷ്യം മുൻനിർത്തി അന്ധവിശ്വാസങ്ങളുടെ പേരിലുള്ള ചൂഷണങ്ങളും അതിക്രമങ്ങളും നിയന്ത്രിക്കുന്നതിന് 'The Kerala Prevention of Inhuman Evil Practice, Sorcery and Black Magic' ബില്ലിന്റെ കരട് സർക്കാർ തയ്യാറാക്കുകയുണ്ടായി. ഇതിൽ നിയമ പരിഷ്കരണ കമ്മീഷന്റെ അഭിപ്രായം പരിശോധിക്കുന്നതടക്കമുള്ള തുടർനടപടികൾ സ്വീകരിച്ചു വരുന്നു. സംസ്ഥാനത്ത് നിലവിൽ ഇത്തരം കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നതായി പോലീസ് റിപ്പോർട്ട് ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ